## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3235 11.12.2014-ലെ മറുപടിക്ക്

## കൽപ്പറ്റ മേപ്പാടി ബൈപ്പാസ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ). | കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മേപ്പാടി ബൈപ്പാസിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ; | (എ). | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| (ബി). | പ്രസ്തുത ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കുന്ന പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (ബി). | ഇല്ല. മേപ്പാടി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 4.6211 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ.431/2013/ പൊ.മ.വ., തീയതി 25.03.2013 പ്രകാരം അർത്ഥനാ പത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം കോട്ടപ്പാടി വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തുകയും ചില സർവ്വേ നമ്പരുകൾ തെറ്റായി ഉൾപ്പെട്ടതായും ചിലത് വിട്ടു പോയതായും കണ്ടെത്തുകയും, ലഭ്യമായ അലൈൻമെന്റ് പ്രകാരം കണ്ടെത്തി ഉൾപ്പെട്ടു വരുന്ന സർവ്വേ നമ്പരുകൾ നടപടികൾക്കായി ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ റവന്യൂ വിഭാഗത്തിൽ നിന്നും ഇപ്രകാരം ലഭ്യമായ സർവ്വേ നമ്പരുകളോടൊപ്പം സ്ഥലത്തിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്തിയിരുന്നില്ല. ആയത് വൈത്തിരി തഹസിൽദാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ